**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1871** **29-07-2021 - ൽ മറുപടിയ്ക്ക്**

**ആറാലുംമൂട് കേരളാ ആട്ടോമൊബയിൽസിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ അഞ്ച് വർഷമായി ആറാലുംമൂട് കേരളാ ആട്ടോ മൊബയിൽസിന്റെ പ്രവർത്തനം തടസ്സപ്പെടുത്തുന്ന രീതിയിൽ ബാങ്ക്, ട്രഷറി അക്കൗണ്ടുകൾ എന്നിവ ഇ. പി.എഫ്. അതോറിറ്റി സ്ഥിരമായി അറ്റാച്ച് ചെയ്തു തുക വസൂൽ ആക്കുന്ന നടപടിക്ക് ശാശ്വതമായ പരിഹാരത്തിന് ഏന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയും എന്ന് വിശദമാക്കാമോ; | (എ) | ഇ.പി.എഫ്. കുടിശിക നിലനിൽക്കുന്നതിനാൽ കഴിഞ്ഞ 5 വർഷമായി കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ ബാങ്ക് /ട്രഷറി അക്കൗണ്ടുകൾ നിരവധി തവണ ഇ.പി.എഫ്.അതോറിറ്റിയുടെ അറ്റാച്ച്മെന്റിന് വിധേയമായിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 4 കോടി രൂപ ഇ.പി.എഫ്. ഇനത്തിലും 1 കോടി 72 ലക്ഷം രൂപ ഗ്രാറ്റുവിറ്റി ഇനത്തിലും കമ്പനി അടച്ചുകഴിഞ്ഞു. ഇ.പി.എഫ്. അതോറിറ്റിയുടെ അറ്റാച്ച്മെന്റ് നടപടികൾ ശാശ്വതമായി പരിഹരിക്കുന്നതിനായി നിലവിൽ കുടിശ്ശികയായിട്ടുള്ള 2017 മുതലുള്ള employee വിഹിതമായ ഒരു കോടി 12 ലക്ഷം രൂപയും employer വിഹിതമായ 1 കോടി 26 ലക്ഷം രൂപയും interest and damage ഇനത്തിലുള്ള 2.28 കോടി രൂപയും കൂടി ആകെ 4.66 കോടി രൂപ എത്രയും വേഗം അടച്ചുതീർക്കുവാനാണ് കമ്പനി പരിശ്രമിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ അതാത് സ്ഥാപനത്തിന്റെ പ്രവർത്തനലാഭത്തിൽ / വരുമാനത്തിൽ നിന്നാണ് അടയ്ക്കേണ്ടത്. കേരള സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ, ഇലക്ട്രിക് ഓട്ടോ നിർമ്മാണത്തിനും പുതിയ മെഷീനുകൾ വാങ്ങുന്നതിനും പ്രവർത്തന സഹായമായും കഴിഞ്ഞ 5 വർഷ കാലയളവിൽ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് ഏകദേശം 34 കോടിയോളം രൂപ സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. |
| (ബി) | കമ്പനിയിലെ നിയമനത്തിനെതിരെ ചില ട്രേഡ് യൂണിയനുകൾ നൽകിയ കേസ് (നമ്പർ WPC No.29015/20) കാരണവും ജീവനക്കാരുടെ കുറവ് കാരണവും കമ്പനിയുടെ പ്രവർത്തനം സുഗമമായി | (ബി) | WP(C)29015/2020 -ന്മേലുള്ള ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ പുതിയ നിയമനങ്ങൾ നടത്തുവാനുള്ള നടപടി നിർത്തിവച്ചിരിക്കുകയാണ്. ഇക്കാര്യത്തിലുള്ള ബഹു. |

| | | | |
|---|---|---|---|
| | നടത്താൻ കഴിയാത്ത അവസ്ഥയ്ക്ക് എന്ത് പരിഹാരം കാണാൻ കഴിയും എന്ന് വിശദമാക്കാമോ; | | ഹൈക്കോടതിയുടെ അന്തിമ വിധിയ്ക്കനുസൃതമായി പുതിയ നിയമന നടപടികൾ തുടങ്ങാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | വിരമിച്ച ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ കേസുകൾ കാരണം കമ്പനിയുടെ പ്രവർത്തനം നടക്കാത്ത അവസ്ഥയിൽ എത്തിച്ചേരുന്നു എന്നതിന് എന്ത് നടപടി സ്വീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ; | (സി) | നിലവിൽ 2013 മുതൽ റിട്ടയർ ചെയ്ത 82 ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ഇനത്തിൽ ആകെ 2.9 കോടി രൂപ കൊടുത്തുതീർക്കുവാനുണ്ട്. ഗ്രാറ്റുവിറ്റി സമയബന്ധിതമായി നൽകാത്തതുമായി ബന്ധപ്പെട്ട് ലോകായുക്തയിൽ കേസ് നിലനിൽക്കുന്നുണ്ട്. മേൽപ്പറഞ്ഞ കുടിശ്ശിക ഘട്ടംഘട്ടമായി കൊടുത്തുതീർക്കുവാനാണ് കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ് ഉദ്ദേശിക്കുന്നത്. അതിനായി ഓരോ മാസവും കുറഞ്ഞത് 5 ജീവനക്കാരുടെ കുടിശ്ശിക തുക വീതം ഒടുക്കി കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ ഗ്രാറ്റുവിറ്റി ഇനത്തിലുള്ള ബാധ്യത തീർത്ത് ഈ വിഷയത്തിൽ ശാശ്വത പരിഹാരം ഉണ്ടാക്കുവാനാണ് കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ് ലക്ഷ്യമിടുന്നത്. |
| (ഡി) | കണ്ണൂരിൽ ആരംഭിക്കുന്ന കെ. എ. എൽ. ഫാക്ടറിയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കാമോ? | (ഡി) | കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ ഒരു ഫാക്ടറി കണ്ണൂർ ജില്ലയിലെ പിണറായിയിൽ സ്ഥാപിക്കുന്ന വിഷയം സർക്കാർ പരിഗണിച്ചുവരികയാണ്. കണ്ണൂർ ജില്ലയിലെ പിണറായി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും ഒരേക്കർ സ്ഥലം ലീസിന് എടുത്ത് ഫാക്ടറി സ്ഥാപിക്കുവാനാണ് കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ് ലക്ഷ്യമിടുന്നത്. ഇതുമായി ബന്ധപ്പെട്ട് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന സ്ഥലവാടക കുറയ്ക്കുന്നതിനായി പിണറായി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി അധികാരികളുമായി കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ് ചർച്ചകൾ നടത്തി വരികയാണ്. ഇക്കാര്യത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ